**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു<br><br>**ആർദ്രം ഒന്നാംഘട്ടം**<br><br>ആർദ്രം ഒന്നാംഘട്ടത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ഒ.പി. കൗണ്ടർ, ഫാർമസി നവീകരണം. പ്രീ ചെക്കപ്പ് റൂം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം, നിരീക്ഷണ മുറി, എയർപോർട്ട് മോഡൽ ചെയറോടു കൂടിയ കാത്തിരിപ്പ് സ്ഥലം ഒരുക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയാണ് .<br><br>**ആർദ്രം പദ്ധതി രണ്ടാംഘട്ടം**<br><br>**ആർദ്രം രണ്ടാംഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കുനിശ്ശേരി തേങ്കുറുശ്ശി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഇവിടങ്ങളിൽ സ്റ്റാഫ് നഴ്സ് -1, അസിസ്റ്റന്റ് സർജൻ -1 (കുനിശ്ശേരി എഫ്.എച്ച്.സി) എന്നീ തസ്തികകൾ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, രോഗീ സൗഹൃദ അന്തരീക്ഷവും മെച്ചപ്പെട്ട സേവനങ്ങളും നൽകി ടി സ്ഥാപനങ്ങൾ നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയാണ്.** |

| | | | |
|---|---|---|---|
| | | | **<u>ആർദ്രം പദ്ധതി മൂന്നാംഘട്ടം</u>**<br><br>ആർദ്രം മൂന്നാംഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ മേലാർകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി സ.ഉ(ആർ.ടി) നമ്പർ.1633/2021 ആകുവ തീയതി, 01/08/2021 പ്രകാരം കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ താലൂക്കാശുപത്രിയിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ താഴെ പറയുന്ന തസ്തിക സൃഷ്ടിച്ച് നിയമനം പൂർത്തീയാക്കിയിട്ടുണ്ട്.<br><br>ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് (ഗൈനക് -1 )<br><br>(കുട്ടികളുടെ വിഭാഗം 1-)<br><br>2<br><br>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ<br><br>4<br><br>ദന്തൽ മെക്കാനിക്<br><br>1<br><br>ഇ.സി.ജി ടെക്നീഷ്യൻ<br><br>1<br><br>മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ<br><br>1<br><br>സ്റ്റാഫ് നഴ്സ്<br><br>2<br><br>ലാബ് ടെക്നീഷ്യൻ<br><br>1 |

| | | | |
|---|---|---|---|
| | | | |
| (സി) | ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥലങ്ങളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ആർദ്രം പദ്ധതിയനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥലങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചതിൽ എല്ലാം തന്നെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>ആർദ്രം ഒന്നാംഘട്ടം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട കിഴക്കഞ്ചേരി, വണ്ടാഴി എന്നീ സ്ഥാപനങ്ങളിൽ ഡോക്ടർ - 1, സ്റ്റാഫ് നഴ്സ്-2, ഫാർമസിസ്റ്റ്-1, ലാബ് ടെക്നിഷ്യൻ 1 എന്നീ അധിക തസ്തികകളും ആർദ്രം രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർ 1, സ്റ്റാഫ് നഴ്സ് - 1 എന്നീ അധിക തസ്തികകൾ സൃഷ്ടിക്കുകയും തേങ്കുറുശ്ശി കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് - 1 എന്ന അധിക തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ